# ജനഹിതമല്ല ജനാധികാരമാണ് പ്രധാനം

**എൻ.പി. ജോൺസൺ**

(സാമൂഹിക പ്രവർത്തകൻ)

**വിശദാംശങ്ങളിലേക്ക്** പോകാതെ തന്നെ പറയാം, ശ്രദ്ധേയമാണ് ഇതുവരെയുള്ള ആ ആദ്മി പാർട്ടിയുടെ പ്രകടനം. ജനം എന്ന സംവർഗ്ഗത്തെ കുറ്റിച്ചൂലിലൂടെ പ്രതിനിധാനം ചെയ്തുകൊണ്ട് രാഷ്ട്രീയ സംവിധാനങ്ങളിലെ പൊടിപടലങ്ങൾ നീക്കം ചെയ്യാനുള്ള ശ്രമം തീർച്ചയായും വലിയ ആരാധകവൃന്ദത്തെ സൃഷ്ടിച്ചിട്ടുണ്ട്. അഴിമതിക്കെതിരെ കുരിശുയുദ്ധം പ്രഖ്യാപിച്ചുകൊണ്ട് രൂപം കൊണ്ടതിനാൽ എക്കാലത്തും ആ നിലയിൽ തന്നെ പ്രവർത്തിക്കാൻ അത് ബാധ്യസ്ഥമായിരിക്കും. പലതരം ശുദ്ധീകരണങ്ങൾക്കും തുടക്കം കുറിക്കാൻ ഈ അവതാരം കാരണമാകും എന്നതിൽ സംശയമില്ല. അഴിമതി തുടച്ചുനീക്കൽ, സുതാര്യഭരണം തുടങ്ങിവയിലൂടെ മാത്രം ഇത് സാധാരണക്കാരുടെ പാർട്ടിയായി മാറുമോ എന്ന് കണ്ടറിയേണ്ടതുണ്ട്.

അരുന്ധതി റോയ് ചൂണ്ടിക്കാണിച്ചതുപോലെ മഗ്സസേ അവാർഡിലൂടെയും ഫോർഡ് ഫൗണ്ടേഷന്റെ ധനസഹായം വഴിയും ഉരുവംകൊണ്ട ആം ആദ്മി പാർട്ടിയുടെ പൂർവ്വരൂപത്തിന് ചില ജനിതക വൈകല്യങ്ങളുണ്ട്. സംവരണ വിരുദ്ധ പ്രക്ഷോഭത്തിലൂടെ മധ്യവർഗ്ഗ മനസ്സുകളിൽ ഇടം കണ്ടെത്തിയ ആ പ്രസ്ഥാനത്തിന് സാമൂഹിക യാഥാർത്ഥ്യങ്ങളെ ശരിയായവിധം വിലയിരുത്താനായിട്ടില്ല എന്നതാണ് വസ്തുത. ജനകോടികൾ ഇന്നും ജാതി അടിസ്ഥാനത്തിലുള്ള വിവേചനങ്ങൾക്ക് ഇരകളായി സാമൂഹിക ജീവിതത്തിന്റെ അടിത്തട്ടിലേക്ക് താഴ്ത്തപ്പെട്ടുകൊണ്ടിരിക്കുന്ന നാട്ടിൽ ആം ആദ്മിയെ ആരാണ് പ്രതിനിധാനം ചെയ്യുക? കോർപ്പറേറ്റുകൾ കടന്നുകയറി ആധ്യപത്യമുറപ്പിച്ച നമ്മുടെ സമ്പദ്വ്യവസ്ഥ ധനികവർഗ്ഗ താത്പര്യങ്ങളെ മാത്രമാണ് പരിഗണിക്കുന്നതെന്ന ലളിത യാഥാർത്ഥ്യത്തെ ആം ആദ്മി പാർട്ടി എങ്ങനെയാണ് നേരിടാൻ പോകുന്നത്?

ജനഹിത പരിശോധന സാമൂഹികനീതിയെ പ്രതിഫലിപ്പിക്കും എന്നത് ഉറപ്പില്ലാത്ത ഒരു കാര്യമാണ്. ജമ്മുകാശ്മീരിൽ സ്വയം നിർണ്ണയാവകാശം നൽകുന്നതിനെക്കുറിച്ച് ദേശീയതലത്തിൽ ജനഹിതം നടത്തിയാൽ എന്താകും ഫലം? ഭൂരഹിതർക്കും നാമമാത്രമായി മാത്രം ഭൂമിയുള്ളവർക്കും കൃഷി ഭൂമി നൽകാൻ തീരുമാനിച്ചാൽ സംവരണ വിരോധത്തിന്റെ പ്രേതം ഉയർത്തെഴുന്നേൽക്കുമെന്നുറപ്പാണ്. മെട്രോ റെയിലും നർമ്മദാ സരോവറും ഒഴിവാക്കാനാകാത്ത വികസന പദ്ധതികളാണെന്ന് ഭൂരിപക്ഷവും കരുതുമ്പോൾ കോർപറേറ്റ് വികസനം സൃഷ്ടിക്കുന്ന സാമൂഹിക-പാരിസ്ഥിതിക ദുരന്തങ്ങളെ എങ്ങനെയാണ് പ്രതിരോധിക്കാൻ കഴിയുന്നത്?

വന്ദേമാതരം, ഭാരത് മാതാകീജയ്, ഗാന്ധിത്തൊപ്പി തുടങ്ങിയ പ്രതീകങ്ങളിലൂടെ ബി.ജെ.പിയെപ്പോലും അമ്പരപ്പിക്കുകയാണ് ആം ആദ്മി പാർട്ടി. മന്ത്രിമാരുടെ സുരക്ഷയ്ക്ക് വേണ്ടി ചിലവഴിക്കുന്ന ചില്ലറ നാണയങ്ങൾ ലാഭിക്കുന്നതിനേക്കാൾ എത്രയോ പ്രധാനമാണ് അതിർത്തിരക്ഷയുടെ പേരിലുള്ള പതിനായിരക്കണക്കിന് കോടി രൂപയുടെ അഴിമതി തടയുന്നത്. ലോകരാഷ്ട്രങ്ങൾ ആയുധ വ്യവസായത്തിൽ നിക്ഷേപിക്കുന്ന പണം ലോകത്തെ തന്നെ ഏറ്റവും വലിയ ധൂർത്തും അഴിമതിയുമാണ്. അയൽരാജ്യങ്ങളുമായി നല്ല ബന്ധം പുലർത്തി, നമ്മുടെ നാടിനെ ദൈവം രക്ഷിച്ചുകൊള്ളുമെന്ന് പറയാൻ ആം ആദ്മി പാർട്ടി തയ്യാറാകുമോ? നൂറ്റാണ്ടുകളായി തുടരുന്ന ജാതി വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിന്, കോർപ്പറേറ്റുകളുടെ ലാഭം പെരുപ്പിക്കുന്ന സാമ്പദ്ക്രമങ്ങൾ പൊളിച്ചെഴുതുന്നതിന് ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന് മാത്രമെ നീതിയും സമത്വവും പുലരുന്ന ഒരു നാടായി ഇന്ത്യയെ പുനഃസൃഷ്ടിക്കാൻ കഴിയൂ. ഇക്കാര്യങ്ങളിൽ വ്യക്തമായ ഒരു പരിപാടിയും ഇല്ലാത്ത ഒരു പാർട്ടിക്ക് എങ്ങനെയാണ് മുന്നോട്ട് പോകാൻ കഴിയുന്നത്? ആന്തരികമായ ജനാധിപത്യ വികാസത്തിലൂടെ ഒരുപക്ഷെ അത് കൂടുതൽ മെച്ചപ്പെട്ട

ന്നുവരാം. അല്ലെങ്കിൽ ഇതര രാഷ്ട്രീയ പാർട്ടികളെ പോലെ തന്നെ മുദ്രാവാക്യങ്ങളിൽ ജനകീയവും പ്രവർത്തനങ്ങളിൽ മൂലധന സേവയും എന്ന പരിമിതിയിലൂടെ കടന്നുപോയി വ്യവസ്ഥയുടെ അനുബന്ധമായി മാറിയെന്നും വരാം. സുതാര്യത, കാര്യക്ഷമത തുടങ്ങിയ മുദ്രാവാക്യങ്ങൾ കോർപ്പറേറ്റ് ലോകത്തിനും വളരെ പ്രിയങ്കരമാണെന്ന് ഓർക്കുന്നത് നല്ലതാണ്.

എ.എ.പിയിൽ ആരെല്ലാം വരുന്നു, ആരാണ് അതിന്റെ രാഷ്ട്രീയ നയങ്ങൾ തീരുമാനിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ ഇനിയും വ്യക്തമായിട്ടില്ലാത്തതിനാൽ അതിന്റെ ഭാവിയെക്കുറിച്ച് പ്രവചനം നടത്തുക എളുപ്പമല്ല. സാമൂഹിക വ്യവസ്ഥയെക്കുറിച്ചും രാഷ്ട്രീയമായ നീതിയെക്കുറിച്ചും മനുഷ്യർക്കിടയിൽ വ്യാപകമാകുന്ന ഉണർവുകളായിരിക്കും വിപ്ലവകരമായ സാമൂഹികമാറ്റങ്ങൾക്ക് വഴിയൊരുക്കുക. നൈജീരിയൻ സ്ത്രീകൾക്കെതിരെ ദില്ലിയിൽ നിയമമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന വിഭാഗീയമായ അതിക്രമങ്ങൾ ജനഹിത രാഷ്ട്രീയത്തിന്റെ പൊള്ളത്തരം വെളിവാക്കുന്നതാണ്. യഥാർത്ഥമായ ജനാധികാരമെന്നത്, ഓരോ അണുവിലും നീതിയെ എല്ലാത്തരം വിഭാഗീയതകൾക്കും അതീതമായി ഉയർത്തിപ്പിടിക്കുന്ന മാനവികതയാണെന്ന രാഷ്ട്രീയമായ തിരിച്ചറിവ് ഇനിയും വികസിക്കപ്പെടേണ്ടതുണ്ട്. സാമൂഹികമായ അനീതികൾ തുടച്ചുനീക്കുന്ന വ്യക്തമായ കാര്യപരിപാടികളില്ലെങ്കിൽ 'ഞാൻ അണ്ണയാണ്' എന്ന എഴുത്ത് മാഞ്ഞുപോയ വേഗത്തിൽ തന്നെ 'ആം ആദ്മി'യും അപ്രത്യക്ഷമാകും. ■

# സാമ്പത്തികനയങ്ങൾ ഭാവിയെ നിർണ്ണയിക്കും

**മുഹമ്മദ് ഇർഷാദ്**
(അധ്യാപകൻ, റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്)

**ജയപ്രകാശ്** നാരായണൻ നേതൃത്വം നൽകിയ പ്രസ്ഥാനത്തെയാണ് ആം ആദ്മി പാർട്ടി ഓർമ്മിപ്പിക്കുന്നത്. ഏറെ രാഷ്ട്രീയ മുദ്രാവാക്യങ്ങൾ ഉന്നയിച്ചെങ്കിലും പ്രത്യക്ഷത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയുമായും ജെ.പി പ്രസ്ഥാനം കൈകോർത്തിരുന്നില്ല. 'സമ്പൂർണ്ണവിപ്ലവം' എന്ന പദം അതി പ്രധാനമായ ഒരു രാഷ്ട്രീയ സംജ്ഞയാണ് അന്നും ഇന്നും. ലാലുപ്രസാദ് യാദവിനെപ്പോലെയുള്ള ചില യുവനേതാക്കളെ രാഷ്ട്രീയധാരയിലെത്തിക്കാൻ കഴിഞ്ഞു എന്നതിനപ്പുറം പാർലമെന്ററി ജനാധിപത്യത്തിലെ നയതന്ത്രങ്ങളെയും അതിനുമേലുള്ള തത്പരകക്ഷികളുടെ സ്വാധീനത്തെയും ജെ.പി പ്രസ്ഥാനത്തിന് മനസ്സിലാക്കാൻ കഴിയാതെ പോയി. വിരോധാഭാസമെന്നോണം ലാലുപ്രസാദ് യാദവ് തന്നെ അഴിമതിക്കാരനായ രാഷ്ട്രീയക്കാരനായി അധഃപതിക്കുകയും ചെയ്തു.

രാഷ്ട്രീയ പാർട്ടിയായി മാറുന്നതിന് പകരം രാഷ്ട്രീയ ധാർമ്മികതയിൽ അടിയുറച്ചു നിൽക്കുന്ന ഒരു തിരുത്തൽ ശക്തിയായാണ് ജെ.പി പ്രസ്ഥാനം നിലകൊണ്ടത്. എ.എ.പിയുമായി അതിനുള്ള അടിസ്ഥാന വ്യത്യാസവും അതുതന്നെയാണ്. രാഷ്ട്രീയമായും സാമ്പത്തികമായും മറ്റ് രാഷ്ട്രീയ പാർട്ടികളിൽ നിന്നും വ്യത്യസ്തരാണ് തങ്ങൾ എന്ന് തെളിയിക്കേണ്ട ബാധ്യത ഇപ്പോൾ എ.എ.പിക്ക് കൈവന്നിരിക്കുകയാണ്. തെരഞ്ഞെടുപ്പ് വിജയത്തിനായി എ.എ.പി സ്വീകരിച്ച രാഷ്ട്രീയ തന്ത്രം സംശയലേശമന്യേ ഫലപ്രാപ്തിയിലെത്തിയിരിക്കുന്നു. എന്നാൽ ഈ വിജയത്തെ എങ്ങനെ സുസ്ഥിരമായി നിലനിർത്താൻ കഴിയുന്നു എന്ന തന്ത്രജ്ഞതയാണ് നിലവിൽ പ്രധാനം. കോൺഗ്രസിനോ ബി.ജെ.പിക്കോ അത്തരമൊരു പ്രതിസന്ധിയില്ല. കാരണം അവരുടെ പൊതുസാമ്പത്തികനയം അവർ നടപ്പിലാക്കാൻ പോകുന്ന പരിപാടികൾ എന്താണെന്ന് വ്യക്തമാക്കുന്നുണ്ട്. ഇരുകൂട്ടരും വലതുപക്ഷ സാമ്പത്തികനയങ്ങൾ പിന്തുടരുന്നവരും സ്വകാര്യ കോർപ്പറേറ്റ് മേഖലയോട് പൂർണ്ണ യോജിപ്പുള്ളവരുമാണ്.

സ്വകാര്യകച്ചവടക്കാർക്ക് ആം ആദ്മയിടുടെ വിജയം ഒരു തരത്തിലും പരിക്കേൽപ്പിക്കുന്നില്ല. കാരണം പാർലമെന്ററി സമ്പ്രദായത്തിലുള്ള നിലവിലെ പാർട്ടികൾ ഈ സ്ഥാപനങ്ങൾക്ക് മേൽ യാതൊരു നിയന്ത്രണം ഏർപ്പെടുത്താൻ പോകുന്നില്ല. കൂടാതെ,